# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5035 28.10.2016 ൽ മറുപടിയ്ക്ക്**

**ഫലവർഗ്ഗങ്ങൾ ഉത്പാദിപ്പിക്കുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ.മുല്ലക്കര രത്നാകരൻ | | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| സംസ്ഥാനത്ത് കൂടുതൽ ഫലവർഗ്ഗങ്ങൾ ഉത്പാദിപ്പിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇപ്പോൾ നിലവിലുള്ള പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്താമോ? | എ) | സംസ്ഥാനത്ത് കൂടുതൽ ഫലവർഗ്ഗങ്ങൾ ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വി.എഫ്.പി.സി.കെയുടെ നേതൃത്വത്തിൽ എറണാകുളം, തിരുവനന്തപുരം, കാസർഗോഡ് എന്നീ ജില്ലകളിൽ കൃഷി ബിസിനസ്സ് കേന്ദ്രകൾ പ്രവർത്തിച്ചുവരുന്നു. ജൈവവളങ്ങൾ, ജൈവരോഗ കീടനാശിനികൾ, കാർഷിക ഉപകരണങ്ങൾ എന്നിവയും ഇവിടെ നിന്നും വിതരണം ചെയ്തുവരുന്നു. കൗൺസിലിന്റെ ആലത്തൂരിലുള്ള ടിഷ്യൂക്കൾച്ചർ ലാബ് വഴി പ്രതിവർഷം 5 ലക്ഷത്തോളം ടിഷ്യൂക്കൾച്ചർ വാഴകൾ ഉല്പാദിപ്പിച്ച് വിതരണം നടത്തി വരുന്നു. നടീൽ വസ്തുക്കളുടെ ഉത്പാദനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സ്വകാര്യമേഖലയിൽ ഒരു ഹെക്ടർ വീതമുള്ള രണ്ട് ചെറുകിട നഴ്സറികൾ സ്ഥാപിക്കാൻ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ വഴി സഹായം നൽകുന്നു. ഒരു യൂണിറ്റിന് മൊത്തം പദ്ധതി ചെലവിന്റെ പരമാവധി 50 ശതമാനമായ 7.5 ലക്ഷം രൂപയാണ് സഹായമായി നൽകുന്നത്. വിളവിസ്തൃതി വ്യാപനം/പുതിയ കൃഷിത്തോട്ടം സ്ഥാപിക്കൽ എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 10 ഹെക്ടറിൽ പാഷൻഫ്രൂട്ട്, കിവി, മുന്തിരി തുടങ്ങിയ മൂല്യം കൂടിയ വിളകളുടെ സൂക്ഷ്മ ജലസേചന സംവിധാനം, ട്രെല്ലികൾ തുടങ്ങിയ സജ്ജീകരണങ്ങളോട് കൂടിയുള്ള പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് 96000/- രൂപ ധനസഹായം നൽകുന്നു. വാഴ, കൈതച്ചക്ക എന്നിവയുടെ സൂക്ഷ്മ ജലസേചന സംവിധാനമില്ലാത്ത കൃഷിയ്ക്കായി ഹെക്ടറൊന്നിന് 26250/- രൂപ ധനസഹായം നൽകുന്നു. ടിഷ്യൂക്കൾച്ചർ വാഴകൃഷിയ്ക്ക് ഹെക്ടറൊന്നിന് 37500/- രൂപ |

ധനസഹായം നൽകുന്നു
മാവിന്റെ വിളവിസ്തൃതി വ്യാപന
ത്തിനായി ഹെക്ടറൊന്നിന് 18000/- രൂപ
ധനസഹായം നൽകുന്നു. മാവ്, പേര,
മാതളം തുടങ്ങിയ വിളകളുടെ
അതിസാന്ദ്രതാ കൃഷിയ്ക്ക്
ഹെക്ടറൊന്നിന് 24000/- രൂപയും
ധനസഹായം നൽകുന്നു. ഇതിനുപുറമേ കൃഷി
വകുപ്പിനു കീഴിലുള്ള ഫാമുകളിലും വട്ടവട, കാന്തല്ലൂർ
തുടങ്ങി ഇടുക്കി ജില്ലയിലെ ഫലവർഗ്ഗങ്ങൾ
കൃഷിചെയ്യാൻ കഴിയുന്ന പ്രദേശങ്ങളിലും
വൻതോതിൽ ഫലവർഗ്ഗങ്ങൾ ഉത്പാദിപ്പിക്കുവാനുള്ള
സാധ്യതകൾ പരിശോധിച്ചുവരുന്നു

S. [signature]

**സെക്ഷൻ ഓഫീസർ**